# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3125**. **13-03-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷി മേഖല

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുല്ല

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആവശ്യമായ നെല്ലിന്റെ എത്ര ശതമാനമാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്; | (എ) | കേരളത്തിലെ ജനസംഖ്യ കണക്കു പ്രകാരം ഏകദേശം 40 ലക്ഷം മെ.ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം ഏകദേശം 15 ശതമാനത്തോളമാണ്. |
| (ബി) | നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉള്ളത്; | (ബി) | 2015-2016-ൽ സംസ്ഥാനത്തെ നെല്ലിന്റെ ആകെ വിസ്തൃതി 196870 ഹെക്ടർ ആണ്. 2016-2017 ലെ നെൽകൃഷിയുടെ അന്തിമ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. കൃഷി വകുപ്പ് ജില്ലകളിൽ നിന്ന് ശേഖരിച്ച കണക്കനുസരിച്ച് 2,02,525 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കിവരുന്നു. |
| (സി) | ഇത് വരും വർഷങ്ങളിൽ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | (സി) | അടുത്ത അഞ്ച് വർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ നെൽ വർഷമായി സർക്കാർ ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന നെൽകൃഷി വികസന പദ്ധതികൾക്കുപരിയായി 1500 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂ കൃഷി ഇരിപ്പൂ നിലമാക്കാനും 3633 ഹെക്ടർ സ്ഥലത്ത് (കോൺട്രാക് |

| | | | |
|---|---|---|---|
| | | | ഫാമിങ്) തരിശുനില നെൽകൃഷിയും 1200 ലക്ഷം രൂപയുള്ള ബ്ലോക്ക് തല പദ്ധതികൾക്കായുള്ള സഹായം, നെൽ വർഷത്തോടനുബന്ധിച്ചുള്ള പുതിയ പദ്ധതികൾ 262 ലക്ഷം രൂപയും, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപയുള്ള പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാദേശികമായ നെല്ലിനങ്ങളുടെ പ്രത്യേക കാർഷിക മേഖലയായി വയനാട് ജില്ലയെ തെരെഞ്ഞെടുത്ത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | നെൽകൃഷി മേഖലയിൽ യന്ത്രവത്കരണം തുടങ്ങിയുള്ള ആധുനികവത്കരണം നടപ്പാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നെൽകൃഷി മേഖലയിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി യന്ത്രവത്കരണം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ SMAM, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, ജില്ലാ കാർഷിക എഞ്ചിനീയറിംഗ് കാര്യാലയത്തോടനുബന്ധിച്ച് കസ്റ്റം ഹയറിംഗ് സെന്റർ തുടങ്ങിയ സ്കീമുകളിൽ യന്ത്രവത്കരണം നടപ്പിലാക്കി വരുന്നു. കൂടാതെ കോൾനില വികസന പദ്ധതിയുടെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (RKVY) ധനസഹായത്തോടെ 27.45 കോടി രൂപയുടെ കാർഷിക യന്ത്രവത്കരണ പദ്ധതിക്ക് സർക്കാർ അനുമതി നൽകി. ടി പദ്ധതിക്ക് അനുവദിച്ച 27.45 കോടി രൂപയിൽ 14 കോടി രൂപ കെയ്കോയ്ക്ക് നൽകി. പ്രസ്തുത തുകയുള്ള കാർഷിക യന്ത്രങ്ങൾ കെയ്കോ വാങ്ങി കോൾനിലങ്ങളിൽ കാർഷിക ആവശ്യത്തിനായി വിന്യസിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ കാർഷിക യന്ത്രവത്കരണം ശക്തിപ്പെടുത്താൻ മൂന്നു മേഖലകളാക്കി തിരിച്ച് മൂന്ന് ഫാം ഫെസിലിറ്റേഷൻ സെന്റർ കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ